# ഗവ.എൽ.പി.സ്കൂൾ,മുതുകുറ്റിപ്പൊയിൽ

## മുതുകുറ്റിപ്പൊയിൽ, മള്ളന്നൂർ പി.ഒ, 670701

<u>ആമുഖം</u>.

മട്ടന്നൂർ ഉപജില്ലയിൽപ്പെട്ട മാലൂർ ഗ്രാമപഞ്ചായത്തിൽ മുതുകുറ്റിപ്പൊയിൽ എന്ന സ്ഥലത്ത് കുന്നിൻ ചെരിവിലായിട്ടാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഭൂമിശാസ്ത്രപരമായി കുന്നുകളും പുഴയുമുള്ള ഗ്രാമ പ്രദേശമാണിത്. 1956 ലാണ് ഈ വിദ്യാലയം ഏകാദ്ധ്യാപക വിദ്യാലയമായി ആരംഭിച്ചത്. 1968-ലാണ് വിദ്യാലയത്തിന് സ്ഥിരമായി ഒരു കെട്ടിടമുണ്ടായത്. യാത്രാ സൗകര്യക്കുറവും ഭൗതിക സാഹചര്യങ്ങളുടെ അഭാവവും കാരണം വളരെയേറെ വിഷമിച്ച ഈ വിദ്യാലയം പഞ്ചായത്തിന്റെയും എസ്.എസ്. എയുടെയും പി ടി എയുടെയും സഹായത്താൽ ഏറെ മെച്ചപ്പെട്ടു വരുന്നു. സ്കൂളിന് മുൻവശത്തു കൂടിയാണ് പട്ടാരി - മുടപ്പത്തൂർ റോഡ് പോകുന്നത്. മുടപ്പത്തൂർ പാലം വന്നതിന് ശേഷം യാത്രാ സൗകര്യം വർദ്ധിച്ചിട്ടുണ്ട്.

2025-26 അധ്യയന വർഷത്തിൽ ഒന്നാം തരം മുതൽ നാലാം തരം വരെയുള്ള ക്ലാസുകളിലായി 33 കുട്ടികളും ( കഴിഞ്ഞ വർഷത്തേക്കാൾ 9 കുട്ടികൾ അധികം) പ്രീ പ്രൈമറിയിൽ 18 കുട്ടികളും വിദ്യ അഭ്യസിക്കുന്നു. 2011-12 ൽ പി ടി എ സഹകരണത്തോടെ ആരംഭിച്ച പ്രീ പ്രൈമറി ഇന്ന് ഗവ. അംഗീകാരത്തോടെ 1 അധ്യാപികയും 1 ആയയും 1 അധ്യാപിക പി ടി എ യുടെ സഹകരണത്തോടെയും പ്രവർത്തിക്കുന്നു. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സമഗ്രശിക്ഷാ കേരളം, കണ്ണൂർ ജില്ല - മട്ടന്നൂർ ബി ആർ സി - സ്റ്റാർസ് പദ്ധതി പ്രകാരം നിർമ്മിച്ച മാതൃക പ്രീ പ്രൈമറി "വർണക്കൂടാരം" പദ്ധതി സ്കൂളിൽ പൂർത്തീകരിച്ചിട്ടുണ്ട്.

ഈ അധ്യയന വർഷം ഒരു പ്രധാനാധ്യാപകനും മൂന്ന് സ്ഥിരം അധ്യാപികമാരും ഒരു പി ടി സി എം ഉം സേവനമനുഷ്ഠിക്കുന്ന . കൂടാതെ ഒരു പാചകത്തൊഴിലാളിയും ഉണ്ട്. ഈ വിദ്യാലയത്തിൽ 4 ക്ലാസ് മുറികളും ഒരു ഓഫീസ് മുറിയും പഞ്ചായത്തിന്റെ സഹകരണത്തോടെ നിർമിച്ച ഒരു പ്രീ പ്രൈമറി ക്ലാസും ഉണ്ട്. കൂടാതെ അടുക്കള , സ്റ്റോർ റൂം, ഭോജനശാല എന്നിവയും ഉണ്ട്. ഒരു അഡാപ്റ്റഡ് ടോയ്ലറ്റും നാല് ടോയ്ലറ്റുകളും രണ്ട് മൂത്രപ്പുരയും ഉണ്ട്.

Scanned with OKEN Scanner

സ്കൂളിന് 2 ടെലിവിഷനുകളും പ്രവർത്തനക്ഷമമായ 4 ലാപ്ടോപ്പ് , 1 ഡസ്ക് ടോപ്പ്, 2 പ്രിന്റർ, 2 ടാബ്, 2 സ്പീക്കറുകൾ , 2 പ്രൊജക്ടറുകൾ എന്നീ സൗകര്യങ്ങളുമുണ്ട്. സ്കൂളിന്റെ മുറ്റം ഇന്റർലോക്ക് ചെയ്ത് റോഡും ചിത്രങ്ങളും നൽകി കുട്ടികൾക്ക് പഠനത്തിനും കായിക പ്രവർത്തനങ്ങൾക്കും അനുയോജ്യമായിട്ടുണ്ട്. റോഡിൽ നിന്നും സ്കൂളിലേക്കുള്ള പടവുകൾ പഞ്ചായത്തിന്റെ സഹകരണത്തോടെ കല്ലുപാകി റോഡാക്കി വാഹനഗതാഗതത്തിന് അനുയോജ്യമാക്കിയിട്ടുണ്ട് .

സ്കൂളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിലൂടെ ഉച്ച ഭക്ഷണം പോഷക സമൃദ്ധമാക്കാൻ സാധിച്ചിട്ടുണ്ട്. പാഠ്യ - പാഠ്യേതര വിഷയങ്ങളിലും ഉപജില്ലാ തലത്തിൽ മികച്ച വിജയം കൈവരിക്കാൻ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. 2024-25 വർഷത്തിൽ മാലൂർ പഞ്ചായത്തിലെ മികച്ച ഹരിത വിദ്യാലയമായി സ്കൂളിനെ തിരഞ്ഞെടുത്തിരുന്നു. ഈ വർഷവും വിവിധ മേളകളിലും വായനാമത്സരങ്ങളിലും മികച്ച വിജയം കൈവരിക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്ന നിരവധി പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

## പൊതു ലക്ഷ്യങ്ങൾ

Scanned with OKEN Scanner

* സ്കൂളിന്റെ പരിധിയിൽ വരുന്ന മുഴുവൻ കുട്ടികൾക്കും പ്രായ പരിധിക്കനുസരിച്ച് പ്രവേശനം ലഭ്യമാക്കുകയും എല്ലാ കുട്ടികളും നേടേണ്ട പഠനശേഷികൾ നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
* ഓരോ കുട്ടിയുടെയും കഴിവുകൾ കണ്ടെത്തി അവ ഉയർന്ന തലത്തിലേക്ക് എത്തിക്കുവാനും അവരുടെ പരിമിതികൾ കണ്ടെത്തി മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തങ്ങൾ നടത്തുകയും ചെയ്യുക .

* ഇംഗ്ലീഷിനും മാതൃഭാഷയ്ക്കും തുല്യ പ്രാധാന്യം നല്കി ഉയർന്ന ശേഷികൾ കൈവരിക്കാൻ പ്രാപ്തരാക്കുക.
*ഗണിതം ശാസ്ത്രം എന്നിവയിൽ പ്രായോഗികതയ്ക്ക് കൂടുതൽ പ്രാധാന്യം നല്കി ഉയർന്ന ശേഷികൾ കൈവരിക്കുക.
*വിദ്യാലയ പ്രവർത്തനങ്ങൾക്ക് ജനകീയ പിന്തുണ ഉറപ്പുവരുത്തുക.
*തുടർച്ചയായതും സമഗ്രവുമായ മൂല്യനിർണയ പ്രക്രിയയിലൂടെ കുട്ടികളെ മൂല്യനിർണയം നടത്തുക.

## പരിമിതികൾ

വിദ്യാലയത്തിന് കളിസ്ഥലമില്ല എന്നത് കുട്ടികളുടെ കായിക പരിശീലനത്തിന് വളരെ പ്രയാസം നേരിടുന്നു. വളരെ പഴക്കം ചെന്ന ഓട്ടു മേഞ്ഞ കെട്ടിടത്തിൽ എല്ലാ ക്ലാസുകൾക്കും പ്രത്യേകം മുറികളില്ലാത്തത് പഠന പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. കൂടാതെ സ്മാർട്ട് ക്ലാസ്റൂം, സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് , ,ലൈബ്രറി തുടങ്ങിയ

Scanned with OKEN Scanner

സൗകര്യങ്ങളും ലഭ്യമാക്കാൻ സാധിച്ചിട്ടില്ല. വാഹന സൗകര്യത്തിന്റെ അഭാവം കുട്ടികൾക്ക് യാത്രാ പ്രശ്നവും ഉണ്ടാക്കുന്നു.

## അക്കാദമിക മാസ്റ്റർ പ്ലാൻ

### മലയാളം

ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കാനും എഴുതാനും കഴിയുന്നു എന്ന് ഉറപ്പുവരുത്തുക.

Scanned with OKEN Scanner

* കുട്ടികൾക്ക് സന്ദർഭം അനുസരിച്ച് ആശയവിനിമയം ' നടത്തുന്നതിനുള്ള ശേഷി ഉണ്ടാക്കിയെടുക്കുക.
* കുട്ടികളുടെ ഭാഷാശേഷി വളർത്തുക.
* സർഗ്ഗ രചനകൾക്ക് അവസരം ഒരുക്കുക.
*ആശയങ്ങൾ വ്യത്യസ്തരീതിയിൽ ആവിഷ്കരിക്കാനുള്ള കഴിവ് വളർത്തുക.
*പതിപ്പുകൾ തയ്യാറുക്കുക.
*ഇ വായന പ്രോത്സാഹിപ്പിക്കുക.

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല | ധനകാര്യ സ്രോതസ്സ് |
|---|---|---|---|---|
| പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കും പഠന വൈകല്യം നേരിടുന്ന കുട്ടികൾക്കും പ്രത്യേക പരിശീലനം | *പ്രീ- ടെസ്റ്റ്<br>* അക്ഷരമുറപ്പിക്കൽ ( അക്ഷരക്കാർഡ് , വാക്ക് കാർഡ് ) തയ്യാറാക്കൽ<br>* ചിഹ്നങ്ങൾ അക്ഷരക്കാർഡുകളിൽ ഉപയോഗിക്കൽ<br>* പദകേളിൽ<br>* വാക്യകേളികൾ<br>*ചിത്രങ്ങൾ നല്കി കഥ പൂർത്തിയാക്കൽ<br>* അടിക്കുറിപ്പ് നൽകൽ<br>* അനുയോജ്യമായ ലൈബ്രറി പുസ്തകങ്ങൾ ഉപയോഗപ്പെടുത്തൽ | ജൂൺ - മാർച്ച് | ക്ലാസ് അധ്യാപകർ എസ് ആർ ജി കൺവീനർ | പി ടി എ |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | *സ്കൂൾ ലൈബ്രറി നവീകരണം<br>* പത്രവായന<br>*പത്രവാർത്ത ക്വിസ്<br>* വായനാ അനുഭവം പങ്കുവയ്ക്കൽ | | | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | * വായനാകുറിപ്പ് പതിപ്പ് രൂപത്തിലാക്കുക.<br>* വിദ്യാരംഗം കലാസാഹിത്യ വേദി.<br>*ബാലസഭ<br>*സാഹിത്യ ക്വിസ്<br>*ദിനാചരണങ്ങൾ. | | | |
| പൊതു വായനശാലയു മായി ബന്ധം | * എല്ലാ കുട്ടികളെയും വായനശാലയിലെ അംഗങ്ങളാക്കുക. | ജൂലൈ ആദ്യവാരം | ലൈബ്രറി ഇൻ ചാർജ്ജ് | |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | *വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ. | ജൂൺ - മാർച്ച് . | ക്ലാസ് ടീച്ചർ | |
| | | | | |
| സ്വന്തം പതിപ്പ് തയ്യാറാക്കൽ. | * മാഗസിൻ<br>* പതിപ്പ് തയ്യാറാക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| സ്കൂൾ തല മാഗസിൻ | കയ്യെഴുത്ത് മാസിക പ്രസിദ്ധീകരണം | ഫെബ്രുവരി | | |

# ഗണിതം

ശാസ്ത്രങ്ങളുടെ മാതാവാണ് ഗണിതശാസ്ത്രം. ജീവിതത്തിന്റെ സമസ്ത മേഖലകളും ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ജീവിത സാഹചര്യങ്ങളുമായി യോജിപ്പിച്ചു കൊണ്ട് ഗണിതാശയങ്ങൾ അർത്ഥപൂർണ്ണമായി ഉപയോഗിക്കുന്നതിനുള്ള കഴിവ് കുട്ടികളിൽ വളർത്തേണ്ടതുണ്ട്.

ലക്ഷ്യങ്ങൾ

ഗണിത പഠനത്തിൽ കൂടുതൽ താത്പര്യം ഉണ്ടാക്കുക.

വിശകലന ശേഷി ഗണിത ചിന്ത ഇവ വളർത്തുക

Scanned with OKEN Scanner

പിന്നോക്കക്കാരെ മുൻ നിരയിൽ എത്തിക്കുന്നതിനു അധിക പഠന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
ഗണിത കേളികളിലൂടെ വിരസതയില്ലാതെ ഗണിതക്രിയ കളിൽ പങ്കാളികളാവുക.

ക്ലാസിൽ ഗണിതമൂല സജ്ജീകരിക്കുക.

വ്യക്തിഗത ഗണിത കിറ്റ് തയ്യാറാക്കൽ

| പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമത |
|---|---|---|---|
| ഗണിതപഠനത്തിൽ പിന്നോക്കക്കാരെ കണ്ടെത്തി മുൻനിരയിൽ എത്തിക്കുക | പ്രീ ടെസ്റ്റ് പിന്നോക്കക്കാരായത്തികളെ | ജൂൺ മുതൽ മാർച്ച് വരെ | ടീച്ചർ ചാർജ് |
| ഗണിത പഠനം ആസ്വാദ്യകരമാകുക | കളികളിലൂടെ ഗണിത പഠനം<br>ഗണിത ക്വിസ<br>ഐ സി.ടി ഉപയോഗം | പ്രതിമാസം | ടീച്ചർ |
| ഗണിതാഭിരുചി വളർത്തുക<br><br>ഗണിതലാബ്<br><br>സംഖ്യാബോധം ഉറപ്പാക്കുക<br><br>ചതുഷ്ക്രിയകൾ എല്ലാ കുട്ടികൾക്കും സ്വായത്തമാക്കുക | ശാസ്ത്രജ്ഞരുടെ ജീവചരിത്ര ശേഖരണം.<br>വിവിധ പഠന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പഠന വസ്തുക്കൾ ഉൾപ്പെടുന്ന കിറ്റ്, മഞ്ചാടി. കമ്പി കെട്ട് മുത്ത് തുടങ്ങിയവ<br><br>സ്ഥാനവില പോക്കറ്റ് അബാക്കസ് ഉപയോഗിച്ച് വസ്തുനിഷ്ഠമായി ബോധനം<br><br>പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിച്ച് പരിശീലിക്കൽ<br>പിന്നോക്കക്കാർക്കായി പ്രത്യേക പരിശീലനം | ഫെബ്രു വരി '<br>ജൂൺ മുതൽ മാർച്ച് വരെ.<br><br>ജൂൺ മുതൽ മാർച്ച് വരെ<br><br>മാർച്ച് | ക്ലാസ്<br>ക്ലാസ്<br><br>ക്ലാസ്<br><br>ക്ലാസ് |

Scanned with OKEN Scanner

## പരിസര **പഠനം**

മനുഷ്യൻ നേടിയ ശാസ്ത്ര നേട്ടങ്ങളിൽ അഭിമാനിക്കാനും അവ സമൂഹ നന്മക്കായ് പ്രയോഗിക്കാനും ഉതകത്തക്ക വിധമുള്ള പഠനപ്രവർത്തനങ്ങൾ ക്ലാസ് മുറികളിൽ ഒരുക്കേതുണ്ട്. ശാസ്ത്രീയ മനോഭാവം യുക്തിചിന്ത എന്നിവ കുട്ടികളിൽ വളർത്തുകയും എല്ലാ പുരോഗതിയുടെയുടെയും അടിസ്ഥാനപരമായ ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുകയും അവ പ്രയോഗിക്കുകയും ചെയ്യുമ്പോഴാണ് പഠനം ഫലപ്രദമാകുന്നത്. കുട്ടികളിൽ കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം , യുക്തിചിന്ത എന്നിവയും വളർത്തേണ്ടതുണ്ട്

**ലക്ഷ്യങ്ങൾ**

*** ശാസ്ത്ര ചിന്ത , ശാസ്ത്രീയ മനോഭാവം എന്നിവ വളർത്തുക**
***ശാസ്ത്ര പഠനം പ്രവർത്തനാധിഷ്ഠിതമാക്കുക**
*** ജിജ്ഞാസ, കൗതുകം പഠനത്തിന്റെ ഭാഗമായി വളർത്തി പഠനം ആസ്വാദ്യകരമാക്കുക**
***ഉപകരണങ്ങൾ സ്വയം കൈകാര്യം ചെയ്യാനുള്ള പ്രാപ്തി വളർത്തുക**

| **ലക്ഷ്യം** | | | **കാലയളവ്** | **ചുമതല** | |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ശാസ്ത്ര പഠനത്തിൽ താല്പര്യമുണ്ടാക്കുക | | | ജൂലൈ മുതൽ മാർച്ച് വരെ | പരിസ്ഥിതി അധ്യാപകർ | |
| എല്ലാ കുട്ടികൾക്കും പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന് സൗകര്യമുണ്ടാക്കുക | | | | | |
| ശാസ്ത്ര പഠനവുമായി സമൂഹത്തെ ബന്ധിപ്പിക്കുക. | | | സെപ്റ്റംബർ | കാർഷിക ക്ലബ് | |
| ആരോഗ്യ ബോധവൽക്കരണ ക്ലാസ് | | | | ആരോഗ്യ ശുചിത്വ ക്ലബ്. | |
| ശാസ്ത്രപഠനത്തിൽ ഐ ടി സഹായം ഉറപ്പുവരുത്തുക. | | | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| ഫീൽഡ് ട്രിപ്പ് | | | | | |
| | | | | | |

Scanned with OKEN Scanner

## English

Aims

*To motivate children to use English with confidence

*Develop the ability to think and speak in English.

*Ensure the ability to prepare and present  different discourses in English

*To ensure that learners should achieve all learning outcomes before proceeding to the next level.

*Develop English atmosphere in class with help of ICT.

| | | | | |
|---|---|---|---|---|
| Special attention to backward children. | *Pretest<br>*Cpta<br>*Word card<br>*Picture reading | June | Class teacher | |
| Make all children Proficient in English. | Prepare and provides work sheet that are suitable for children. | June to March | SRG,classteacher | |
| English Assembly. | Conducting English assembly in the leadership students. | Once in a month | Class teacher | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| Making learners independent readers. | Presentation of flash cards, work sheet | June -March | | |
| Collection. | Puzzles and riddles collection. | | English club | |
| English diary | Diary writing in English. | Twice in a week. | Class teacher | |
| | | | | |

Scanned with OKEN Scanner

## പ്രവർത്തിപരിചയം ഐ.ടി

| | | | |
|---|---|---|---|
| നിർമ്മാണത്മക കഴിവുകൾ എല്ലാ കുട്ടികളിലും വളർത്തുക . | * പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണ നിർമ്മാണം.<br>* എംബ്രോയിഡറി<br>* ചന്ദനത്തിരി നിർമ്മാണം.<br>തുടങ്ങിയവയുടെ പരിശീലനം. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ |
| പഠനോപകരണങ്ങൾ സ്വന്തമായി നിർമ്മിക്കാനുള്ള കഴിവ് വളർത്തിയെടുക്കുക. | പഠനോപകരണങ്ങൾ കുട്ടികൾ തന്നെ സ്വന്തമായി തയ്യാറാക്കുന്നതിന് പരിശീലനം നൽകുന്നു. കാർഡ്ബോർഡ്,ചാർട്ട് തുടങ്ങിയ വസ്തുക്കൾ ഉപയോഗിച്ച് കൊണ്ടുള്ള നിർമ്മാണം. | ജൂൺ മുതൽ മാർച്ച് വരെ | അദ്ധ്യാപകർ |
| കുട്ടികൾക്ക് സ്വന്തമായി കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള ശേഷി ഉണ്ടാക്കുക. | പഠനനേട്ടവുമായി ബന്ധപ്പെട്ട ഐ സി ടി സാധ്യത ഉപയോഗിക്കാവുന്ന സ്വതന്ത്രമായി പരിശീലിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ |
| | | | |

## ആരോഗ്യ _കായിക വിദ്യാഭ്യാസം

| | | | |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ആരോഗ്യം കായികക്ഷമത ഇവ ഉറപ്പുവരുത്തുക. | * ദിവസവും വ്യായാമം ചെയ്യുക.<br>* എല്ലാ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി **mass drill, Aerobics.**<br>* കായിക ഉപകരണങ്ങൾ ഉപയോഗിച്ച് വിവിധ കളികൾ കളിക്കുന്നതിന് പരിശീലനം. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ |
| ആരോഗ്യ ശീലങ്ങൾ വളർത്തുക. | വ്യക്തിശുചിത്വം പാലിക്കുന്നു എന്നു ഉറപ്പാക്കുക.<br>പരിസര ശുചിത്വം പാലിക്കുന്നതിന് പ്രേരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ |
| എല്ലാ കുട്ടികൾക്കും ആരോഗ്യ കായിക പ്രവർത്തനങ്ങൾക്ക് അവസരം. | കുട്ടികൾക്ക് പരിശീലനത്തിനാവശ്യമായ സൗകര്യം ഉറപ്പാക്കുകയും സൂമ്പ പരിശീലനം നൽകുകയും ചെയ്യുന്നു | ജൂൺ മുതൽ മാർച്ച് | അധ്യാപകർ |

Scanned with OKEN Scanner